"CORRUPTION, A CRIME AGAINST NATION"

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി 12.10.2023

# "കൈക്കൂലി കേസിൽ മുൻ പഞ്ചായത്ത് സെക്രട്ടറിയെ കഠിന തടവിന് ശിക്ഷിച്ചു."

പാലക്കാട് ജില്ലയിലെ അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന എൻ. ആർ. രവീന്ദ്രനെ 5,000/- രൂപ കൈക്കൂലി വാങ്ങിയ കേസ്സിൽ കുറ്റക്കാരനാണെന്ന് കണ്ടെത്തി തൃശ്ശൂർ വിജിലൻസ് കോടതി ഒരു വർഷം കഠിന തടവിനും 1,00,000/- രൂപ പിഴ ഒടുക്കുന്നതിനും ഇന്ന് (12/10/2023) ശിക്ഷിച്ചു.

2011 ഏപ്രിൽ മാസം ഇരുപത്തഞ്ചാംതിയതി അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന എൻ. ആർ. രവീന്ദ്രൻ കളത്തിങ്കൽ സ്വദേശിയായ പരാതിക്കാരന്റെ പുതുതായിനിർമ്മിച്ച വീടിന് കെട്ടിടനമ്പർ അനുവദിക്കുന്നതിന് 5,000/- രൂപ കൈക്കൂലി ചോദിച്ചുവാങ്ങവേ പാലക്കാട് വിജിലൻസ് യൂണിറ്റ് മുൻ ഡപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. സതീശൻ കൈയോടെ പിടികൂടി രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ച കേസ്സിലാണ് കുറ്റക്കാരനാണെന്ന് തൃശ്ശൂർ വിജിലൻസ് കോടതി കണ്ടെത്തി ഒരു വർഷം കഠിന തടവിനും 1,00,000/- രൂപ പിഴ ഒടുക്കുന്നതിനും ഇന്ന് (12/10/2023) ശിക്ഷ വിധിച്ചത്. പ്രോസിക്യൂഷനുവേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ഇ. ആർ. സ്റ്റാലിൻ ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി. കെ . വിനോദ് കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.